(സി) സെൻട്രൽ ഗവണ്മെണ്ടിൽനിന്നും ഏറെറടുക്കുന്ന എല്ലാ ഡിപ്പാർട്ട്മെൻറിലേയും ഉദ്യോഗസ്ഥന്മാർക്ക് ജോലികൊടുക്കാമെന്നു് ഇൻഡ്യാഗവണ്മെണ്ടു് സമ്മതിച്ചിട്ടുണ്ടായിരുന്നു. അതിനു് വിപരീതമായി പ്രവർത്തിച്ചതിനു് ഇൻഡ്യാഗവണ്മെണ്ടിനു് കമ്പി അടിച്ചിട്ടുണ്ടു്. അതിനു മറുപടി ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. പി. നാണു : ഈ ഗവണ്മെണ്ടിൽനിന്നും തന്നെ അവരെ നിയമിക്കുന്നതിനു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : മറുപടി വന്നിട്ടു മതിയല്ലോ ആ കാര്യം ആലോചിക്കുന്നതു്.

വേമ്പനാട്ടുകായൽ പദ്ധതി

*൧൦൧൯. (൯) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വേമ്പനാട്ടുപദ്ധതി നടപ്പിൽ വരുത്തുന്നതിനു് ഇതിനകം എന്തു നടപടി നടത്തിയിട്ടുണ്ടു്;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്കു് പൂർത്തിയാക്കണമെന്നാണു് ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) വേമ്പനാട്ടുകായൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലിക്കുവേണ്ടിയുള്ള സ്പെഷ്യൽ ഇൻജിനീയരെയും സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ടു്. ഫൻ൫൦ ജൂലൈ മുതൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലി ആരംഭിച്ചു. ഫൻ൫൧ ഫെബ്രുവരിയോടുകൂടി ഇൻവെസ്റ്റിഗേഷൻ ജോലി തീരുമെന്നു പ്രതീക്ഷിക്കുന്നു. ബണ്ടുകെട്ടുന്നതിനുള്ള സ്ഥാനം നിശ്ചയിച്ചു. തോടുകളുടെ സർവ്വെ നടന്നുകൊണ്ടിരിക്കുന്നു.

(ബി) രണ്ടുകൊല്ലത്തിനുള്ളിൽ പൂർത്തിയാക്കണമെന്നാണു് ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള : ബണ്ടുകെട്ടുന്നതു് എവിടെയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : തണ്ണീർമുക്കത്താണു്.

സംസ്ഥാനത്തു കൺസ്ട്രക്ഷൻ ചെയ്യാനുദ്ദേശിക്കുന്ന റോഡു്

*൧൦൨൰. (൮) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ, കോട്ടയം എന്നീ പട്ടണങ്ങളിൽ ഇക്കൊല്ലം എത്ര മൈൽ റോഡു് കൺസ്ട്രക്ഷൻ ചെയ്യിട്ടുണ്ടു്;

(ബി) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ എതെല്ലാം പട്ടണങ്ങളിലൂള്ള റോഡുകൾ ഈ വർഷം കൺസ്ട്രക്ഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടു്;

(സി) ആലപ്പുഴ പട്ടണത്തിൽ ഉള്ള റോഡുകളിൽ എത്രമൈൽ ഇതിനകം കൺസ്ട്രക്ഷൻ ചെയ്യിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തിരുവല്ലാ പട്ടണത്തിൽ മെയിൻ സെൻട്രൽ റോഡിൽ ഒരു മൈൽ കൺസ്ട്രക്ഷൻ ചെയ്യിട്ടുണ്ടു്. കോട്ടയം പട്ടണത്തിൽ കൺസ്ട്രക്ഷൻ ചെയ്യിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മെയിൽ സെൻട്രൽ റോഡിൽ ചെങ്ങന്നൂർ മുതൽ ഏറമാന്നൂർ വരെ ഫൻ മൈൽ ൽ ഫർലാങ്ങും, ചങ്ങനാശ്ശേരി വാഴൂർ റോഡിൽ ചങ്ങനാശ്ശേരി പട്ടണത്തിൽ ഒരു മൈലും, തൃശ്ശൂർ പട്ടണത്തിൽ ര മൈൽ ൽ ഫർലാങ്ങും, ഇരിഞ്ഞാലക്കുട പട്ടണത്തിൽ അഞ്ചു ഫർലാങ്ങും ഈ വർഷം കാൺക്രീറ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ആലപ്പുഴ പട്ടണത്തിലുള്ള റോഡുകളിൽ ഒരു ഭാഗവും കാൺക്രീറ ചെയ്തിട്ടില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള : ആലപ്പുഴയുള്ള റോഡുകളും കാൺക്രീറ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള . ഡസ്റ്റ് പ്രൂഫ് ചെയ്യാൻ ടാറിംഗ് നടത്തുന്നുണ്ട്.

Sri. P. Balakrishnan Tampi: Is Vazhoor a more important place than Alleppey?

Sri. T. K. Narayana Pillai: Of course, Alleppey is more important.

ശ്രീ. സി. വി. ഇയ്യു : കൊച്ചിയിൽ കന്നമംഗലം തത്തമംഗലം എന്നീ സ്ഥലങ്ങളിലുള്ള റോഡുകളും എന്തുകൊണ്ടാണ് കാൺക്രീറ ചെയ്യാത്തത്?

ശ്രീ ടി. കെ. നാരായണപിള്ള : അത് ഈ കൊല്ലം സാധിച്ചില്ല.

ശ്രീ. സി. വി. ഇയ്യു : അടുത്ത കൊല്ലം കാൺക്രീറ ചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ആ കാര്യം അടുത്തകൊല്ലം ആലോചിക്കാം.

സഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : ആലപ്പുഴ പട്ടണത്തിലെ റോഡുകളിൽ താർ ഇടാനാണോ ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. കെ. നാരായണപിള്ള : അവിടെയുള്ള റോഡുകളും ഡസ്റ്റ് പ്രൂഫ ചെയ്യാൻ പോകുകയാണ്.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അവിടെ താർ ഇടാനാണെന്ന് പറഞ്ഞു. റോഡ് ക്ലോസുചെയ്തിട്ട് ഇപ്പോൾ റോഡ് മാപ്പൺ ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : തീർച്ചയായും ഇക്കൊല്ലംതന്നെ ഡസ്റ്റ് പ്രൂഫ് ചെയ്യും.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : ചെങ്ങന്നൂർ മുതൽ ഏറമാന്നൂർവരെയുള്ള റോഡിൽ ഫൻ മൈൽ കാൺക്രീറ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറഞ്ഞു. അപ്പോൾ ആ റോഡിൽ ഫൻ മൈൽ കഴിഞ്ഞു ബാക്കിയുള്ളതിൽ എത്രയെല്ലാം ഭാഗമാണ് കാൺക്രീറ ചെയ്യാതെ വിട്ടിരുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള : അതു് ഇപ്പോൾ പറയാൻ നിർവ്വത്തിയില്ല.

ശ്രീ. എ. കെ. ജോഷ്വ : തിരുവല്ലാ പട്ടണം തെരഞ്ഞെടുത്തതിനു് പ്രത്യേക കാരണം വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : യാതൊരു പ്രത്യേക കാരണവുമില്ല.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : റോഡുകളും കാൺക്രീറ ചെയ്യുന്നതുസംബന്ധിച്ച് ഗവണ്മെണ്ടിനു എന്തെങ്കിലും ഒരു പൊതുവായ നയമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : പൊതുവായ ഒരു നയമുണ്ട്. കന്യാകുമാരി മുതൽ അങ്ങേഅറ്റംവരെ റോഡുകളും കാൺക്രീറ ചെയ്യണമെന്നാണ് ഉദ്ദേശം. അതു് ഒരു നിശ്ചിത പദ്ധതിയനുസരിച്ചു് നടപ്പിൽ വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : എന്തുകൊണ്ടാണ് ചില പട്ടണങ്ങളിൽ ഇപ്പോൾ കാൺക്രീറ്റ് ചെയ്യുകയും മറ്റ് ചില പട്ടണങ്ങളിൽ കാൺക്രീറ്റ് ചെയ്യാതിരിക്കുകയും ചെയ്യുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള : പ്രത്യേക കാരണമൊന്നുമില്ല. സൗകര്യം ഇല്ലാത്തതുകൊണ്ടാണ്.

Sri. P. Balakrishnan Tampi : Has not Thiruvella the honour of contributing an able Minister in charge of Public Works?

Mr. Speaker : The question is disallowed:

ശ്രീ. എ. പി. ഉദയഭാനു : കഴിഞ്ഞകൊല്ലം കാൺക്രീറ്റ് ചെയ്യാൻ കായംകുളം പട്ടത്തിലെ റോഡുകൾ മെറ്റൽ ചെയ്തിട്ട് ഇതുവരെ പണി പൂർത്തിയാക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ ടി. കെ. നാരായണപിള്ള : ഇക്കൊല്ലം പൂർത്തിയാക്കുന്നതാണ്.

ശ്രീ. കെ. കരുണാകരൻ : കൂടുതൽ റോഡുകളിൽ ഷെൽക്രീറ്റിംഗ് നടത്തുന്നതിലേയ്ക്ക് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : എല്ലാ സ്ഥലങ്ങളിലും ഷെൽക്രീറ്റിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ഗംഗാധരൻനായർ : കൊട്ടാരക്കര പട്ടണത്തിൽ കാൺക്രീറ്റും ഷെൽക്രീറ്റും നടത്താത്തത് എന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : അവിടെ അതിന്റെ ആവശ്യമില്ലെന്നതോന്നിയതുകൊണ്ടാണ്.

ശ്രീ. വി. ഗംഗാധരൻനായർ : ഈ കാൺക്രീറ്റ് റോഡുകൾക്ക് എത്ര നാൾ പഴക്കം കിട്ടും?

ശ്രീ. ടി. കെ. നാരായണപിള്ള : പത്തുപന്ത്രണ്ടുകൊല്ലം പഴക്കം കിട്ടും.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : പുനലൂർ ടൗണിലെ റോഡ് താർ ചെയ്യാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതുവരെ ആലോചനാവിഷയമായിട്ടില്ല. ആലോചനാവിഷയമാക്കാം.

ജനന നിയന്ത്രണം

*൧൦൫൪. (൪) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സെൻസസ്സുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അമിതമായി വർദ്ധിച്ചുവരുന്ന സന്താനവർദ്ധനവിനെ തടയുന്ന സംഗതി സംബന്ധിച്ചുള്ള ഫയൽ പെട്ടിട്ടുണ്ടോ;

(ബി) അതു തടയേണ്ടതു ആവശ്യമാണെന്ന സംബന്ധിച്ചു തീരുമാനിയിട്ടുണ്ടോ;

(സി) പരിഷ്കൃതരാജ്യങ്ങളിൽ സന്താനവർദ്ധനവിനെ തടയാൻ പലതും പ്രവൃത്തിക്കുന്നതായി സംബന്ധിച്ചുള്ള ഫയലിൽ പെട്ടിട്ടുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പ് മന്ത്രി (ശ്രീ. എൻ. കണ്ണമ്മാമൻ):

(എ) സന്താനവർദ്ധനവ് അമിതമായിട്ടുണ്ടെന്ന് സംബന്ധിച്ചുള്ള തീരുമാനിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly